DESPATCHED
On 08/06/2020
17-2-20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP. 2764(7)/2014/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 16864/എസ്.ഐ.സി–ജി 6/2014)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ഉണ്ണിക്കണ്ണൻ കെ,**
**കാനംങ്കാരൻ ഹൗസ്,**
**തേർത്തലി പി.ഒ, കണ്ണൂർ.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **ആലക്കോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,**
   **ആലക്കോട് പി.ഒ, കണ്ണൂർ.**

2. **അപ്പീൽ അധികാരി,**
   **പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
   **കണ്ണൂർ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.08.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 01.09.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.10.2010 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ ഉണ്ണിക്കണ്ണൻ .കെ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെങ്കിലും ഒന്നാം അപ്പീലിന്മേലും മറുപടി ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 11.07.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

i) തേർത്തലി ടൗണിന് സമീപത്ത് തേർത്തലി തോടിനു കുറുകെ പണിത് കൊണ്ടിരിക്കുന്ന പാലം പഞ്ചായത്ത് ഫണ്ടോ സർക്കാർ ഫണ്ടോ ഉപയോഗിച്ച് നിർമ്മിച്ചതാണോ?

ii) പ്രസിഡന്റ് ജോസ് വട്ടമല സ്വന്തം നിലയിൽ പണിതതാണെങ്കിൽ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുക.

iii) ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവാദം നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 7 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 18.12.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപ്പീലിന്മേൽ അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയ്ക്കും നോട്ടീസ് നൽകി നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്നതാണെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നേരിൽ പരിശോധിക്കാനുള്ള സമയപരിധി നിശ്ചയിച്ച് അപ്പീൽ ഹർജിക്കാരനെ അറിയിക്കേണ്ടതാണെന്നും 15.10.2014 ൽ തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും മറ്റുമാണ്.

5. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭ്യമായ മറുപടി വ്യാജമാണെന്ന് പറയുന്നുണ്ടെങ്കിലും വ്യാജമെന്ന് പറയാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ടിയാന്റെ അപ്പീലിന്മേൽ 15.10.2014 ൽ തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും ടിയാൻ ആവശ്യപ്പെട്ട രേഖകളും ടി ഉത്തരവ് ലഭ്യമായി 15 ദിവസത്തിനകം ടിയാന് ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN